# സ്റ്റെഫാനിയൻ

01-07-2024 | Stephanian Newsletter | Vol. 10 No. 2

St.Stephen's Indian Orthodox Church - Kuwait

(A Parish under Diocese of Calcutta of Malankara Orthodox Syrian Church)



## എന്റെ കർത്താവും എന്റെ ദൈവവുമേ...!

കർത്താവിൽ വാത്സല്യമുള്ളവരെ,

ഒലീവ് പൂക്കളുടെ സുഗന്ധവും, ഗോതമ്പ് വയലുകളുടെ സമൃദ്ധിയും, മുന്തിരി തോട്ടങ്ങളുടെ തിളക്കം നിറഞ്ഞ ഗലീലിയുടെ താഴ്‌വരകളിൽനിന്ന് മന്ത്രധ്വനികളാൽ മുഖരിതമായ ആർഷഭാരത ഭൂമിയിലേക്ക് ക്രൈസ്തവ വിശ്വാസത്തിന്റെ ദീപശിഖയേന്തി മാർത്തോമ്മാ ശ്ലീഹാ കടന്നുവന്നു വിശുദ്ധമായ ഒരു സന്ദേശവും ശ്രേഷ്ഠമായ ഒരു ദൗത്യവുമായി.

ഭാരത മക്കളെ നീതിസൂര്യനായ ക്രിസ്തുവിന്റെ പ്രകാശത്താൽ നിറയ്ക്കുവാനായി കടന്നുവന്ന പുണ്യപിതാവിന്റെ ദീപ്തമായ സ്മരണകൾക്കുമുൻപിൽ ഈ ദുക്‌റോനാ ദിനം നമുക്ക് ശിരസ്സാ നമിക്കാം. വിശുദ്ധ തോമാശ്ലീഹായുടെ വ്യക്തിത്വത്തെ അനാവരണം ചെയ്യുന്ന മൂന്ന് സംഭവങ്ങൾ വിശുദ്ധ യോഹന്നാൻ ശ്ലീഹാ അനുസ്മരിപ്പിക്കുന്നു.

യഹൂദയിലേക്കുള്ള യേശുവിന്റെ യാത്രയെ ശിഷ്യന്മാർ തടയുമ്പോൾ നമുക്കും അവനോടുകൂടെ മരിക്കാം എന്ന പ്രഖ്യാപനം സ്വന്തം ജീവൻ മറുവിലയായി നൽകി ഗുരുവിനെ അനുഗമിക്കണമെന്ന് ധീരമായ മാതൃക. ഞാൻ പോകുന്നു; പോകുന്ന ഇടത്തേക്കുള്ള വഴി നിങ്ങൾ അറിയുന്നു എന്ന് യേശുപറഞ്ഞത് കേട്ട് മറ്റുള്ള ശിഷ്യന്മാർ മൗനം ആയിരുന്നപ്പോൾ നീ എങ്ങോട്ട് പോകുന്നു എന്ന് ഞങ്ങൾക്കറിയില്ല എന്ന നിസ്സഹായത ഗുരുവിനെ ധരിപ്പിക്കുന്നു. തന്റെ നിഷ്കളങ്കമായ ചോദ്യത്തിലൂടെ യേശുവാണ് വഴിയും സത്യവും ജീവനും എന്ന അറിവും ബോധ്യവും ഗുരുമുഖത്തുനിന്ന് നേരിട്ട് നേടിയെടുക്കുന്നു.

സത്യം പ്രഘോഷിക്കുന്ന സത്യം അനുഭവമായിരിക്കണം എന്ന് നിർബന്ധമുള്ള തോമാശ്ലീഹാ.

തനിക്കായി തന്റെ മുൻപിൽ പ്രത്യക്ഷനായ ഉത്ഥിതന്റെ തിരുമുറിവിലേക്കുറ്റു നോക്കി പരിശുദ്ധ ശ്ലീഹാ പ്രഘോഷിക്കുന്നു. എന്റെ കർത്താവേ എന്റെ ദൈവമേ ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനതത്വമാണ് ഇത്. ഉപഭോഗസംസ്കാരത്തിൽ നിന്ന് ആധുനിക യുഗത്തിന്റെ കാറ്റിലും കോളിലുംപെട്ട നമ്മുടെ ക്രിസ്തീയ വിശ്വാസജീവിതവും അതിന്റെ മൂല്യങ്ങളും ഞെരുക്കപ്പെടുമ്പോൾ മാർത്തോമ്മാ ക്രിസ്ത്യാനികളായ നമുക്ക് മാതൃകയാകേണ്ടത് നശ്വരമായ ലോകത്തിനുപരി വിശ്വാസത്തെ വിലമതിച്ച് അതിന് മറുപടിയായി സ്വജീവൻ നൽകി തന്റെ ഉള്ളിൽ വിശ്വാസത്തിന്റെ നാളമണയാതെ കാത്തുസൂക്ഷിച്ച മാർത്തോമ്മാ ശ്ലീഹായുടെ ധൈര്യവും, തീഷ്ണതയും ക്രിസ്തുവിനോടുള്ള അചഞ്ചലമായ സ്നേഹവുമാണ്.

പരിശുദ്ധ തോമാശ്ലീഹായെ പോലെ വിശ്വാസത്തെ ഏറ്റവും വലിയ നിധിയായി കാത്തുസൂക്ഷിക്കുവാനും വിശ്വാസത്തിലുള്ള നിലനിൽപ്പിനായി ഏത് ത്യാഗം സഹിക്കുവാനും നമുക്ക് കഴിയണം. ജീവിതത്തിലെ സുഖദുഃഖങ്ങൾക്കും വിജയപരാജയങ്ങൾക്കും മുൻപിൽ നാഥനിലുള്ള വിശ്വാസത്തോടെ നമുക്ക് ഏറ്റുപറയാം എന്റെ കർത്താവും എന്റെ ദൈവവുമേ,,,

ദൈവം നിങ്ങളെ എല്ലാവരെയും സമൃദ്ധിയായി അനുഗ്രഹിക്കട്ടെ.

സ്നേഹത്തോടെ, നിങ്ങളുടെ

ഗീവർഗ്ഗീസ് വർഗീസ് അച്ചൻ

28.06.2024

## *ക്രിസ്തുവിലുള്ള പൈതൃകവും, അസ്തിത്വവും*

### *വി. മത്തായി 15:21-31*

'എൻറെ ഉള്ളിൽ എന്നെ ഇല്ലാതാക്കുന്ന ഒരു ശൂന്യതയുണ്ട്, ഇനിയുള്ള കാലം ഞാൻ പൊരുത്തപ്പെട്ടു ജീവിക്കേണ്ട ഒന്ന്. എന്നാൽ ആ ശൂന്യതയിലും ഇപ്പോഴും എനിക്ക് കാണാം, അമ്മയുടെ സ്നേഹം. വേദനയിൽ നിന്നും സങ്കടത്തിൽ നിന്നും എന്നെ സംരക്ഷിക്കുന്ന എൻറെ അമ്മയെ.' പ്രശസ്ത ചലച്ചിത്ര താരം ശ്രീദേവിയുടെ വേർപാടിൽ മൂത്ത മകൾ ജാൻവി കുറിച്ച വരികളാണിത്. അമ്മയുടെ സ്നേഹം വാക്കുകളാൽ വർണ്ണിക്കാൻ അത്ര എളുപ്പമല്ല. നമ്മുടെ ഓരോ അംശത്തിലും ആ സ്നേഹമില്ലേ? അവരുടെ സഹനമല്ലേ ഇന്ന് കാണുന്ന ഞാനും, നീയും. എന്തൊരു സാഹസമായിരുന്നു സഹോ ഓരോ ചുവടുകളും. അങ്ങനെയൊരു അമ്മയെ ഈ നോമ്പിൽ ധ്യാനിക്കുന്നുണ്ട്.

ഒരു കനാന്യസ്ത്രീ; അവൾ വന്ന് യേശുവിന്റെ മുമ്പിൽ സാഷ്ടാംഗം പ്രണമിച്ചു എന്നാണ് നാം വായിക്കുന്നത്. പിശാച് ബാധിച്ച മകൾക്കുവേണ്ടി ക്രിസ്തുസന്നിധിയിൽ യാചിക്കുന്ന ഒരു അമ്മയെയാണ് ഇവിടെ കാണുന്നത്. സുവിശേഷത്തിൽ നാം വായിക്കുന്ന സോർ, സീദോൻ എന്നീ പ്രദേശനാമങ്ങളും, അവിടെ നിന്നു വരുന്ന സ്ത്രീയും വിജാതിയരുടെ പ്രതീകമാണ്. യേശുവിൻറെ കാലഘട്ടത്തിൽ യഹൂദർ ഈ പ്രദേശത്തുള്ള വിജാതീയരെ മനുഷ്യരായി പോലും പരിഗണിച്ചിരുന്നില്ല. 'നായ്ക്കൾ' എന്ന് പോലും അവരെ വിളിച്ചിരുന്നുവെന്നു ചരിത്ര പുസ്തകങ്ങളിൽ നാം വായിക്കുന്നുണ്ട്. അവിശ്വാസവും, അന്യദേവന്മാരോടുള്ള ആരാധനയും, അന്യസംസ്കാരവും നിലനിന്നിരുന്ന ഇത്തരം പ്രദേശങ്ങളെ യഹൂദർ തീർത്തും അവഗണിച്ചിരുന്നു. ഈ പ്രദേശത്തുനിന്നുള്ള ഒരു വിജാതീയ സ്ത്രീയാണ് ഏവരെയും, യേശുവിനെ പോലും അത്ഭുതപ്പെടുത്തിക്കൊണ്ട്, തന്റെ മകളുടെ സൗഖ്യത്തിനായി അപേക്ഷിക്കുന്നത്. അന്ന് നിലവിലുള്ള സാമൂഹ്യ ചട്ടങ്ങൾ ഭേദിച്ചുകൊണ്ടാണ് ഒരു വിജാതീയ സ്ത്രീ, കാനൻകാരി സ്ത്രീ അന്യസമുദായത്തിൽപ്പെട്ട, യഹൂദനായ യേശുവിനെ കാണാനെത്തുന്നത്. ചരിത്രപരമായി ബദ്ധശത്രുക്കളാണവർ. യഹൂദന്മാരും കനാന്യരും തമ്മിൽ ഉണ്ടായിട്ടുള്ള അനേകം യുദ്ധങ്ങളെപ്പറ്റി പഴയനിയമം സാക്ഷ്യപ്പെടുത്തുന്നുണ്ട്. എന്നിട്ടും തൻറെ വൈഷമ്യങ്ങളുടെ ചുഴിയിൽ ക്രിസ്തുവെന്ന രക്ഷകനെ സമീപിക്കാൻ അവൾക്ക് മടിയില്ലായിരുന്നു. ക്രിസ്തു ശത്രു പക്ഷത്താണെന്ന് അവൾ ചിന്തിക്കുന്നതേയില്ല. അല്ലെങ്കിലും ദുരന്തങ്ങൾ മനുഷ്യമനസ്സുകളെ ഒന്നിപ്പിക്കുന്നുണ്ടല്ലോ. ദുരന്തത്തിനു മുന്നിൽ ശത്രുവെന്നോ മിത്രമെന്നോ ഉള്ള വ്യത്യാസമില്ല. ആരെ കണ്ടിട്ടായാലും തന്റെ മകൾക്ക് സൗഖ്യം വേണം, അതായിരുന്നു അവളുടെ ലക്ഷ്യം. പിന്നെ അവളുടെ മശിഹാ ബോധ്യങ്ങൾ അത്ര ശക്തവുമാണ്. അതു അവസാനം യേശു സാക്ഷ്യപ്പെടുത്തുന്നുണ്ടല്ലോ. യേശുവിന്റെ അടുത്തേക്ക് എത്തുന്നതിൽ നിന്നും അവളെ വിലക്കുന്ന അനേകം തടസ്സങ്ങൾ അതിജീവിച്ചാണ് അവളുടെ വരവ്.

ഒന്നാമത്, അവളൊരു സ്ത്രീയാണ് (Gender). രണ്ടാം കിട പൗരത്വമാണ് സ്ത്രീയ്ക്ക് അന്നുള്ളത്. പൊതുസ്ഥലത്തു ഒരു പുരുഷനോട് സംസാരിക്കാൻ സ്ത്രീയ്ക്കു അനുവാദമില്ലാത്ത കാലത്താണ് അവളുടെ ഈ സാഹസം.

രണ്ടാമത്തേത് നമ്മൾ ചർച്ച ചെയ്തുകഴിഞ്ഞു. അവൾ അന്യദേവനെ ആരാധിക്കുന്ന പുറജാതിക്കാരിയാണ്. അവൾ അശുദ്ധയാണ് (Impure). യഹൂദൻ നിശ്ചയിച്ചിരിക്കുന്ന വിശുദ്ധിയുടെ അതിർവരമ്പുകൾക്കപ്പുറത്താണ് അവൾ ജീവിക്കുന്നത്.

മൂന്നാമത്തേതാണ് ഏറ്റവും ഭീകരം, പിശാച് ബാധിച്ചവളുടെ (Demon possessd) അമ്മയാണ് അവൾ. ശപിക്കപ്പെട്ടവൾ, സമൂഹത്തിൽ നിന്നും ഭ്രഷ്ട് കൽപ്പിക്കപ്പെട്ട കുടുംബത്തിലെ അംഗം. ഈ അതിരുകളൊക്കെ ഭേദിച്ചാണ് അവളുടെ വരവ്. 'യേശുവേ, ദാവീദുപുത്രാ കരുണ തോന്നണമേ' എന്നാണ് അപേക്ഷ. യഹൂദൻമാർക്ക് പോലും നിശ്ചയമില്ലാത്ത ഒരു കാര്യമാണ് അവൾ വിളിച്ചുപറയുന്നത്, യേശു, ദാവീദ് പുത്രൻ ആണെന്ന്. ദാവീദിന്റെ വംശത്തിൽ മശിഹാ പിറക്കുമെന്ന് അറിയാമായിരുന്നെങ്കിലും അതു യേശുവാണെന്ന് അവർ വിശ്വസിച്ചിരുന്നില്ല. അവൾക്ക് എന്തോ, അതു ബോധ്യപ്പെട്ടിരുന്നു. പക്ഷേ യേശു അവളെ ശ്രദ്ധിച്ചില്ല. ശല്യം സഹിക്കാതെ വന്നപ്പോൾ എന്തെങ്കിലും പറഞ്ഞു അവളെ പറഞ്ഞയക്കാൻ ശിഷ്യന്മാരുടെ വക ശുപാർശ വന്നു. വല്ല അഞ്ചോ, പത്തോ കൊടുത്തു ഒഴിവാക്കാൻ ഔദാര്യം കണക്കെ നമ്മൾ പറയുന്നതുപോലെ. 'ഇസ്രായേലിലെ കാണാതെപോയ ആടുകളുടെ അടുക്കലേക്കുമാത്രമാണ് എന്നെ അയച്ചിരിക്കുന്നത്,'' എന്ന് യേശു ഉത്തരം പറഞ്ഞു.

താനുൾപ്പെടുന്ന സമുദായത്തോട് അല്ലെങ്കിൽ മതത്തോടു മാത്രം കൂറ് പുലർത്തുകയും മറ്റു സമുദായക്കാരെയും മറ്റു വിശ്വാസ്സങ്ങളിൽപ്പെട്ടവരെയും അന്യരായി അതിലുപരി ശത്രുക്കളായി ഗണിക്കുകയും ചെയ്യുന്നവരെയാണ് യാഥാസ്ഥിതികർ (Conservative) എന്നു പറയുന്നത്. തങ്ങളുടെ സമുദായം വച്ച് പുലർത്തുന്ന വിശ്വാസങ്ങൾ മാത്രം ശരിയായവ എന്നാണ് മറ്റുള്ളവയെല്ലാം അബദ്ധ വിശ്വാസങ്ങൾ ആണെന്നും അവർ കരുതുന്നു. അങ്ങനെയൊരു യാഥാസ്ഥിതികനായ യഹൂദനെ യേശുവിൽ ഇവിടെ നമുക്ക് കാണാം. ബോധപൂർവ്വം അങ്ങനെ നടിക്കുന്നതാണെന്ന് തോന്നും. കാരണം ചുറ്റുമുള്ളവർ ആഗ്രഹിക്കുന്നത് മശിഹാ അങ്ങനെയാകണമെന്നാണ്. ആ സ്ത്രീയുടെ വിശ്വാസത്തിന്റെ മഹത്വം അറിയിക്കാൻ ഒരു യാഥാസ്ഥിതിക യഹൂദന്റെ മൂടുപടം അണിയുകയാണ് യേശു.

യേശുവിന്റെ പരസ്യജീവിതം ആരംഭിച്ചതിനുശേഷം വളരെ നാളുകൾ കഴിഞ്ഞിട്ടാണ് ഈ സംഭവം നടക്കുന്നത്. യേശു ഇതിനകംതന്നെ വളരെയധികം അത്ഭുതങ്ങൾ പ്രവർത്തിച്ചു കഴിഞ്ഞിരുന്നു. എന്നാൽ ഇത്രയേറെ അത്ഭുതങ്ങൾ പ്രവർത്തിച്ചിട്ടും യേശുവിനെ പൂർണ്ണമായും ദൈവമായി ഉൾക്കൊള്ളുവാൻ അവിടുത്തോടൊപ്പം ഇത്രയുംകാലം ജീവിച്ച പന്ത്രണ്ടു ശിഷ്യന്മാർക്കു പോലും കഴിഞ്ഞിട്ടില്ല. എന്നാൽ ഇവിടെ ഒരു വിജാതിയ സ്ത്രീ, അവൾ ആദ്യമായിട്ടാണ് യേശുവിനെ കാണുന്നത്, യേശുവിനെക്കുറിച്ച് അവൾക്കു കേട്ടറിവേ ഉള്ളൂ, എങ്കിലും അവൾ യേശുവിനെ സമീപിക്കുന്നത് തന്റെ പുത്രിയെ സുഖപ്പെടുത്തണം എന്നാവശ്യപ്പെട്ടുകൊണ്ടാണ്. യേശുവിനു അതിനാവുമെന്ന കാര്യത്തിൽ അവൾക്കു തെല്ലും സംശയമില്ലായിരുന്നു. അവൾ യേശുവിനെ വിളിക്കുന്നത് അക്കാലത്തെ ജനതകൾ ദൈവത്തെ അഭിസംബോധന ചെയ്യുവാൻ ഉപയോഗിച്ചിരുന്ന പദമായ 'കർത്താവേ' എന്നാണ്. എന്നാൽ അവളുടെ കർത്താവ് അവളെ തീർത്തും അവഗണിക്കുകയാണ്. എല്ലാ പ്രതിബന്ധങ്ങളെയും അതിജീവിച്ചു ക്രിസ്തു സന്നിധിയിൽ വരുമ്പോൾ ഉണ്ടാകുന്ന തിരസ്കാരം (Avoidance) ഹൃദയവേദന ഉളവാക്കുന്നതാണ്. ആരായാലും തളർന്നുപോകും സഹോ. പക്ഷേ അവളുടെ അമ്മമനസ്സ് വട്ടം കേറി നിന്നു. യാക്കോബ് പിതാവിന്റെ ആത്മാവായിരുന്നു അവൾക്ക്. 'അനുഗ്രഹിച്ചിട്ടല്ലാതെ വിടുകയില്ല' എന്നുപറഞ്ഞു ഒറ്റനിൽപ്പ്. മക്കൾക്ക് കൊടുക്കുന്ന അപ്പം നായ്ക്കൾക്ക് കൊടുക്കാറില്ലല്ലോ എന്നു പറഞ്ഞു നൈസായി സ്കൂട്ടാകാൻ ശ്രമിച്ചതാ. പക്ഷേ അവളുടെ പ്രതികരണത്തിൽ തമ്പുരാൻ പതറി പോയി. അവൾ യേശുവിനോട് മറുപടി പറഞ്ഞു: 'വെടികെട്ടുകാരന്റെ പട്ടിയെ ഉടുക്ക് കൊട്ടി പേടിപ്പിക്കരുത്.' (ക്ഷമിക്കണം, അവൾ അങ്ങനെയല്ല പറഞ്ഞത്. ഇപ്പോഴത്തെ സഭാന്തരീക്ഷത്തിൽ പ്രചാരത്തിലുള്ള ഒരു പ്രയോഗം ഉപയോഗിച്ചുവെന്നേയുള്ളൂ.) യജമാനന്റെ തീന്മേശയിൽ നിന്നും വീഴുന്ന അപ്പനുറുക്കുകൾ സ്വന്തമാക്കുന്ന നായ്ക്കളെ കൂടി ഓർക്കണമെന്ന് അവൾ പറഞ്ഞു. വരികൾക്കിടയിലൂടെ അവൾ പറഞ്ഞതിനെ ഒന്നു പുനഃവിചിന്തനം ചെയ്യുന്നത് നല്ലതാണ് യജമാനന്റെ തീന്മേശയിൽ നിന്നും വീഴുന്ന അപ്പനുറുക്കുകൾ ഭക്ഷിക്കുന്നത് തെരുവ് നായ്ക്കളല്ല; അവ യജമാനന്റെ തന്നെ വളർത്തു നായ്ക്കൾ ആയിരിക്കണം (Pet Dogs).

യജമാനനു തന്റെ വളർത്തു നായയോട് ഒരു പ്രതിബദ്ധതയുണ്ടെന്നും, വർഗ്ഗ-വംശീയ മതിലുകളാൽ പാർശ്വവൽക്കരിക്കപ്പെട്ടെങ്കിലും ഞാനും നിന്റെ രക്ഷാകര പദ്ധതിയിൽ ഉൾപ്പെട്ടവളാണെന്നും ആ അമ്മ കർത്താവിനെ ഓർമ്മിപ്പിക്കുന്നു. ആ അമ്മമനസ്സിന്റെ ശാഠ്യത്തിനും, വിപ്ലവ വീര്യത്തിനും മുൻപിൽ യേശു എന്ന യഹൂദ റബ്ബി കീഴടങ്ങി. തികഞ്ഞ കൃതാർത്ഥതയോടെ അവൾ മടങ്ങി. നടന്നകന്നു ദൂരെയെവിടെയോ മറയുംവരെയും ഇമചിമ്മാതെ അവൻ അവളെത്തന്നെ, തന്നെ തിരുത്തിയ അമ്മമനസ്സിനെ തന്നെ നോക്കി നിന്നു.

പെരുന്നാളിന് പള്ളിയിൽ വരുന്ന അക്രൈസ്തവരുടെ എണ്ണത്തിൽ അഭിമാനം കൊള്ളുന്ന സുറിയാനിക്കാരാ നീയിങ്ങനെ പൈതൃകവും, അസ്ഥിത്വവും ഉറപ്പിക്കാൻ നടക്കുമ്പോൾ നിന്നെക്കാൾ മശിഹാ ബോധ്യമുള്ളവർ സൗഖ്യം പ്രാപിക്കുകയാണ്. അവർക്കു പൈതൃകം മാതൃകാപരമായ ക്രിസ്തീയ ജീവിതമാണ്, ക്രിസ്തുവിലുള്ള ജീവിതം (A life in Christ). കാരണം അവർ അസ്ഥിത്വം കണ്ടെത്തുന്നത് ക്രിസ്തുവിലാണ്. കനാന്യകാരി അമ്മ തന്റെ അസ്ഥിത്വം ഉറപ്പിക്കാൻ ശ്രമിക്കുന്നത് മശിഹായിലാണ്. കൊടികെട്ടിയ പൈതൃകം ഉണ്ടെന്നു അവകാശപ്പെടുന്ന ആളുകൾ വെറും കാഴ്ചക്കാരായി മാത്രം മാറുകയാണ്, കേവലം ക്രിസ്തുവിന്റെ പരിഹാസപാത്രങ്ങൾ.

- ഗർഷോം

## ജൂലൈ മാസത്തെ ആരാധന ക്രമീകരണങ്ങൾ

### ബുധനാഴ്ച

| 03 | 10 | 17 | 24 | 31 |
|---|---|---|---|---|

വൈകീട്ട് 6:30 ന്
സന്ധ്യാനമസ്കാരം, വി.കുർബ്ബാന
വി. ദൈവമാതാവിനോടുള്ള മദ്ധ്യസ്ഥപ്രാർത്ഥന
NECK - DIWANIYA HALL

### വെള്ളിയാഴ്ച

| 05 | 12 | 19 | 26 |
|---|---|---|---|

രാവിലെ 7:00 ന്
പ്രഭാതനമസ്കാരം, വി.കുർബ്ബാന
AL JAWAHARA SCHOOL, RIGGA

### ശനിയാഴ്ച

| 06 | 13 | 20 | 27 |
|---|---|---|---|

രാവിലെ 7:00 ന്
പ്രഭാതമസ്കാരം, വി.കുർബ്ബാന
NECK - DIWANIYA HALL

# ഭാഗ്യസ്മരണാർഹനായ പൗലോസ് ദ്വിതീയൻ ബാവാ
## ഒരു ഓർമ്മക്കുറിപ്പ്



നിഷ്കളങ്കത പ്രതിഫലിപ്പിക്കുന്ന നിർമ്മല മന്ദഹാസം, സുതാര്യത വെളിവാക്കുന്ന മനസ്സ്, ശ്രോതാക്കൾക്ക് സമാധാനം പ്രദാനം ചെയ്യുന്ന വാക്കുകൾ - ഈ മൂന്ന് വിശേഷണങ്ങൾ തുല്യമായി സമ്മേളിക്കുന്ന ഒരു വ്യക്തിത്വമുണ്ടെങ്കിൽ ആ വ്യക്തിത്വമാണ് ഭാഗ്യസ്മരണാർഹനായ പൌലൊസ് ദ്വിതീയൻ ബാവാ തിരുമേനി.

കുന്നംകുളത്തിനടുത്ത് മങ്ങാട് ഗ്രാമത്തിന്റെ സന്താനമായി ജനിച്ചുവീണ് മലങ്കര ഓർത്തഡോക്ൾസ് സഭയുടെ വിവിധ കർമ്മപഥങ്ങളിലൂടെ നടന്നു നീങ്ങി വർത്തമാനകാലത്തിന്റെ അഭിമാനവും, സഭയെന്ന വടവൃക്ഷത്തിന്റെ സംരക്ഷകനും വഴികാട്ടിയുമായി തന്റെ നിയോഗം പൂർത്തീകരിച്ച ശ്രേഷ്ഠ പിതാവാണ് പ.മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവാ.1946ൽ മങ്ങാട് കൊള്ളന്നൂർ ഭവനത്തിൽ ജനിക്കുകയും കുന്നംകുളത്തിന്റെ ശ്രേഷ്ഠനസ്രാണി പൈതൃകം കണ്ടും കേട്ടും വളർന്ന കെ. ഐ. പോൾ എന്ന ചെറുപ്പക്കാരൻ പഴയ സെമിനാരിയിലെ പഠനത്തിനും വിവിധ ഇടവകളിൽ വൈദികശുശ്രൂഷാനിർവഹണത്തിനും ശേഷം 1985-ൽ മറ്റ് 4 പേരോടൊപ്പം മെത്രാപ്പോലീത്തയായും കുന്നംകുളം ഭദ്രാസനത്തിന്റെ പ്രഥമ ഭദ്രാസനാധിപനായും ഉയർത്തപ്പെടുകയും ചെയ്യുകയാണുണ്ടായത്. പരിശുദ്ധാത്മനിയോഗത്താൽ 2008-ൽ നിയുക്ത ബാവാ തിരുമേനിയായി നാമനിർദ്ദേശം ചെയ്യപ്പെടുകയും 2010 മുതൽ 2021 വരെ പരിശുദ്ധ സഭയുടെ മേലദ്ധ്യക്ഷനായി ലോകമെമ്പാടുമുള്ള മലങ്കര സഭാമക്കളെ വിശ്വാസതീക്ഷ്ണതയോടെയും സ്വയസമർപ്പണത്തോടെയും പരി. പിതാവ് നയിക്കുകയുണ്ടായി.

മരുഭൂയാത്രയ്ക്ക് സമാനമായ സഭാഭരണകാലത്തിൽ പകൽ മേഘസ്തംഭവും ഇരുളിൽ അഗ്നിസ്തംഭവും ആയി സഭയുടെ വഴികാട്ടിയ ശുക്രനക്ഷത്രമായിരുന്നു പരി. പിതാവ് എന്നത് അതിശയോക്തിയല്ല. പ്രകടന പരതയോ പ്രതിഫലേച്ഛയോ കൂടാതെ ക്രൈസ്തവസ്നേഹവും ആടുകളോടുള്ള കരുതലും തെളിയിക്കുന്ന ജീവിത ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടാനാകുന്ന ജീവിതമായിരുന്നു ആ പിതാവിന്റേത്. നന്മയ്ക്ക് വേണ്ടി സ്വയം തോൽക്കാൻ കഴിഞ്ഞാൽ ജയം നമ്മുടേതാവും എന്ന് സ്വജീവിതത്താൽ കാട്ടിത്തരാൻ കഴിഞ്ഞ അപൂർവ്വം പിതാക്കന്മാരിലൊരാളുമായിരുന്നു.! 2017-ൽ ഭാരതത്തിന്റെ പരമോന്നത നീതിപീഠം പ്രഖ്യാപിച്ച വിധിയും വനിതകൾക്ക് ഇടവകഭരണത്തിലെ പങ്കാളിത്തം നടപ്പിലാക്കപ്പെട്ടതും പരുമല ആശുപത്രി അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധിക്കപ്പെടുന്ന ആതുരസംരക്ഷണകേന്ദ്രമായി ഉയർത്തപ്പെട്ടതും ആ ഭരണകാലത്തായിരുന്നു.

കുവൈറ്റ് സെന്റ് സ്റ്റീഫൻസ് ഇടവകയ്ക്ക് അളവിൽ കവിഞ്ഞ സ്നേഹവാത്സല്യങ്ങൾ ചൊരിഞ്ഞുതന്ന ഒരു സ്നേഹധനനായ പിതാവ് എന്ന നിലയിലും അദ്ദേഹത്തെ സ്മരിക്കാതെ ഈ ഓർമ്മക്കുറിപ്പ് പൂർത്തീകരിക്കാനാവുകയില്ല. ആ പിതാവിന്റെ വിയോഗത്തിന്റെ മൂന്നാം വാർഷികവേളയിൽ ആ സ്മരണയ്ക്ക് മുന്നിൽ ഈ ഇടവക ഒന്നാകെ അശ്രുപുഷ്പങ്ങൾ അർപ്പിക്കുന്നതിനൊപ്പം ശിരസ്സ് നമിക്കുകയും ചെയ്യുന്നു.! ഇടവകയുടെ രൂപീകരണവേളയ്ക്ക് ശേഷം നേരിട്ട വെല്ലുവിളിയിൽ ആ പിതാവ് നൽകിയ സ്നേഹമസൃണമായ തലോടൽ ഇടവകയുടെ പ്രാരംഭദിനങ്ങളിലെ വളർച്ചയെ ത്വരിതപ്പെടുത്തിയതും അനുഗ്രഹകരമായ രീതിയിൽ പ്രയാണം ചെയ്യാനിടയാക്കിയതും പിന്നീട് ഇടവകയിൽ പല തവണ ശ്ലൈഹീക സന്ദർശനം നടത്തിയതും ഇടവകയുടെ രേഖകളിൽ നിന്നും ഇടവകാംഗങ്ങളുടെ ഓർമ്മകളിൽ നിന്നും ഒരിക്കലും മാഞ്ഞുപോകാവതല്ല!

മലങ്കരയുടെ മഹത്വമേറിയ മൂറോൻ ആയിരുന്ന, പരിശുദ്ധാത്മസാന്നിധ്യം നമ്മിലേക്ക് പ്രസരിപ്പിക്കുവാൻ ദൈവനിയോഗം ചുമലിലേറ്റപ്പെട്ട പിതാവായിരുന്നു മോറാൻ മാർ ബസേലിയോസ് പൌലോസ് ദ്വിതീയൻ. ആ പിതാവിന്റെ നിസ്വാർത്ഥപ്രാർത്ഥനകളും മദ്ധ്യസ്ഥതയും ദേശത്തിനും ഇടവകയ്ക്കും പ. സഭയ്ക്കും എന്നെന്നും അഭയവും കോട്ടയും സംരക്ഷണവുമാകട്ടെ!

പരി. പിതാവിന്റെ ഓർമ്മ വാഴ്വിനായിത്തീരട്ടെ !

# BIRTHDAY WISHES


JACOB CHERIAN


DIVYA JACOB


HANLINA SUSANNA STANLY


DIYA ELIZABETH SHIJU


EPHRAIM ZACHARIA


JOVAN JACOB CHANDY


JOHAN JACOB CHANDY


ABIGAIL ULLAS


NIHAL ULLAS




## Wedding Anniversary Wishes


Jossy George & Elizabeth Jossy


Joys P Chacko & Bini P George

## In loving Memory of...


Mathew Kuruvila


Elizabeth kurian

## Next Month Events....

ജൂലൈ 2 : മർത്തമറിയ സമാജത്തിന്റെ നേതൃത്വത്തിൽ (മാസത്തിലെ ആദ്യത്തെ ചൊവ്വാഴ്ച വൈകീട്ട് 6 മണി മുതൽ, ബുധനാഴ്ച വൈകിട്ട് 6 മണിവരെ ) 24 മണിക്കൂർ നീണ്ടുനിൽക്കുന്ന ചെയിൻ പ്രെയർ.

ജൂലൈ 3 : മാർ തോമാ ശ്ലീഹായുടെ ദുക്റോനോ.

ജൂലൈ 7 : മിഷൻ സൺഡേ
പെന്തിക്കോസ്തിക്കു ശേഷം ഏഴാം ഞായറാഴ്ച

ജൂലൈ 12 : പ. ബസ്സേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ മൂന്നാം ഓർമ്മ മർത്തമറിയ സമാജത്തിന്റെ നേതൃത്വത്തിലും, ഇടവക ആധ്യാത്മിക സംഘടനകളുടെ സഹകരണത്തിലും, 400 ദിവസം നീണ്ടുനിൽക്കുന്ന ബൈബിൾ റീഡിങ് ആരംഭിക്കുന്നു.

ജൂലൈ 14 : പെന്തക്കോസ്തിക്കു ശേഷം എട്ടാം ഞായറാഴ്ച

ജൂലൈ 20 : മാർ ഏലിയ ദീർഘദർശിയുടെ ഓർമ്മ

ജൂലൈ 21 : പെന്തിക്കോസ്തിക്കു ശേഷം ഒൻപതാം ഞായറാഴ്ച

ജൂലൈ 28 : പെന്തിക്കോസ്തിക്കു ശേഷം പത്താം ഞായറാഴ്ച






കുവൈത്തിലെ മൻ ഗഫിൽ തൊഴിലാളികളുടെ താമസ കേന്ദ്രത്തിൽ ഉണ്ടായ തീപിടുത്തത്തിൽ മരിച്ചവർക്കായി, NECK, KTMCC, ഹാളിൽ വച്ച് നടന്ന വിശുദ്ധ കുർബാനനന്തരം ധൂപ പ്രാർത്ഥനയും പ്രത്യേക പ്രാർത്ഥനകളും നടത്തി. വേർപാടിൽ ദുഃഖാർത്ഥരായവരെ ഇടവകയുടെ അനുശോചനം അറിയിക്കുകയും, രോഗികളായി ഹോസ്പിറ്റലിൽ കഴിയുന്നവർക്ക് രോഗസൗഖ്യം ലഭ്യമാകുന്നതിന് പ്രാർത്ഥിക്കുകയും ചെയ്തു.




## ബഹു. വികാരിയച്ചന് സ്വീകരണം

### വേദ പ്രവീൺ ഡിപ്ലോമ ഗ്രാജുവേഷൻ സെർമണി




**Informative**
- Annual Report
- Book
- Booklet
- Directory
- Leaflet
- Magazine
- Newsletter
- Poster

**Packaging**
- Cake Box
- Corrugated Box
- Face Mask Box
- Gift Box
- Labels
- Paper Bag
- Stickers
- Tags

**Marketing & Promotional**
- Brochure
- Business Card
- Calendar (Tabletop)
- Calendar (Wall)
- Coupon
- Dangler
- Diary
- Flyer

**Office Stationery**
- Application Form
- Envelope
- File folder
- Invoice Book
- Letterhead
- Notepad
- Receipt Book
- Vouchers





مصنع كويت ساين للإعلانات
KUWAIT SIGN ADVERTISING FACTORY

+965 554 36901, +965 552 69235
Al-Rai, Kuwait